**3rd January 2016 / Sunday** **70th day of 90 days**

സങ്കീർത്തനങ്ങൾ 119:15

‘ഞാൻ നിന്റെ പ്രമാണങ്ങളെ ധ്യാനിക്കുകയും നിന്റെ വഴികളെ സൂക്ഷിക്കുകയും ചെയ്യുന്നു.’

കർത്താവിന്റെ പ്രമാണങ്ങളെ മനസ്സിലാക്കണമെങ്കിൽ ധ്യാനിക്കേണം എന്ന് വചനം പറയുമ്പോൾ, കർത്താവ് തന്ന കല്പനകൾ എല്ലാം അറിയാമെങ്കിലും അതിന്റെ വിശദീകരണം മനസ്സിലാക്കി നമ്മുടെ ഓരോ ദിവസത്തെ ജീവിതരീതി കർത്താവിന്റെ കല്പനകൾക്ക് അനുസൃതമാകണം. ഓരോ കല്പനകളുടെ വിശദീകരണം പൂർണ്ണമായി മനസ്സിലാക്കിയാൽ മാത്രമേ നമ്മുടെ വഴികളെ സൂക്ഷിച്ച് ജീവിതത്തെ നിയന്ത്രിക്കാൻ കഴിയൂ. നമ്മുടെ ജീവിതപാതയിൽ നാം വഴികൾ മാറി സഞ്ചരിക്കുന്നുണ്ടെങ്കിൽ, കാരണം നമ്മൾ തന്നെയാണ്. നമ്മുടെ ആരാധനജീവിതത്തിന്റെയും ധ്യാനത്തിന്റെയും അഭാവമാണ്. ‘ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു’ എന്നു അരുളിചെയ്ത കർത്താവിന്റെ കല്പനകളെ ധ്യാനിച്ച് ജീവിതത്തിൽ നടപ്പിലാക്കിയാൽ നാം എപ്പോഴും ദൈവത്തിന്റെ കൂടെ തന്നെ സഞ്ചരിച്ച് ദൈവനാമം മഹത്വപ്പെടുത്താൻ കഴിയും. പഴയനിയമ കല്പനകളുടെ വിശദകരണം യേശു തന്റെ മൂന്നര വർഷക്കാലത്തെ സുവിശേഷ സമയത്ത് വ്യക്തമാക്കി തന്നിരിക്കുന്നു. അതിന്റെ വിശദീകരണവും സാഹചര്യവും വളരെ ആഴത്തിൽ തന്നെ പ്രതിപാദിക്കുന്നത് യേശുവിന്റെ ശിഷ്യന്മാരുടെ ലേഖനങ്ങളിൽ കാണാവുന്നതാണ്. പൗലൊസ് ശ്ലീഹായുടെ ലേഖനങ്ങളിൽ വളരെ ലളിതമായി കർത്താവിന്റെ കല്പനകളുടെ വിശദീകരണം ജീവിതത്തിൽ നടപ്പാക്കുന്നത് ദർശിക്കാൻ കഴിയുന്നു. വിഗ്രഹങ്ങളെ ആരാധിക്കരുത് എന്ന കല്പനയുടെ വിശദീകരണം അറിയുമ്പോൾ നാം ആ കല്പന ലംഘിക്കുന്നതായി തോന്നാം. നമ്മുടെ ചില ഇഷ്ടങ്ങൾ, ആഗ്രഹങ്ങൾ, അത്യാഗ്രഹങ്ങളായി, മോഹങ്ങളായി മാറാം. അത് മനസ്സിനെ വല്ലാതെ അലട്ടുന്നുണ്ടാകാം, അത് നേടിയെടുക്കന്നതിന് പദ്ധതികൾ ചിന്തിക്കുകയും ജീവിതത്തിന്റെ ഏറിയ പങ്കും അതിനായി ചിലവഴിക്കപ്പെടുമ്പോൾ അത് വിഗ്രഹം ആയി മാറുന്നു. ദൈവത്തെയും സത്യവചനത്തെയും ഒഴിവാക്കി നാം സ്വയത്തിൽ ആശ്രയിച്ച് എന്തു ആഗ്രഹിച്ചാലും അത് വിഗ്രഹം ആണ്. സൃഷ്ടാവിനേക്കാൾ അധികമായി സൃഷ്ടികളെ ഇഷ്ടപ്പെട്ടാൽ, മോഹിച്ചാൽ അതും വിഗ്രഹം ആരാധനയ്ക്കു തുല്യമാണ്. ഇതാണ് കൃപായുഗത്തിലെ വിഗ്രഹം ആരാധന. ദൈവത്തിന്റെ കല്പനകളെ / പ്രമാണങ്ങളെ ധ്യാനിച്ച് പരിശുദ്ധാത്മാവിന്റെ പഠിപ്പിക്കലും ഉപദേശം കൂടി ലഭിച്ചാൽ മാത്രമേ നന്മതിന്മകളുടെ ആഴവും അർത്ഥവും മനസ്സിലാക്കി ജീവിതത്തെ ക്രമപ്പെടുത്താൻ സാധിക്കൂ. അതിനുവേണ്ടി ഹൃദയങ്ങളെ വിശുദ്ധികരിച്ച്, വചനത്തിന്റെ വിത്തുകൾ വിതയ്ക്കാൻ പാകമായ നിലങ്ങളാക്കി മാററി, സത്യവചനത്തെ പരിശുദ്ധാത്മാവിന്റെ സഹായത്താൽ വിതയ്ക്കണം. അത് കള്ളനും ദുഷ്ടന്മാരും കൊണ്ടുപോകാതെ കാത്തുസൂക്ഷിച്ച് പരിപാലിക്കുന്നതിന് ദൈവത്തിന്റെ കരുണയും കൃപയും ലഭിക്കട്ടെയെന്നു ആശംസിക്കുന്നു. വചനിപ്പിനുശേഷം വിശുദ്ധ കന്യകമറിയം യേശുകുഞ്ഞിനെ ഗർഭത്തിൽ വളർത്തിയതും പ്രസവിച്ചതും വളർത്തിയതും എല്ലാം ദൈവത്തിന്റെ കരുണയും കൃപയും അനുഗ്രഹവും കൊണ്ടു മാത്രമാണ്.

